# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1269 — 21.03.2013 - ൽ മറുപടിക്ക്

## കെ.എസ്.റ്റി.പി. രണ്ടാംഘട്ട പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>,, ലൂഡി ലൂയിസ്<br>,, എം. എ. വാഹീദ്<br>,, പി. എ. മാധവൻ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ; | (എ) . ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; | (ബി) കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിക്ക് 2403 കോടി രൂപയുടെ പുതുക്കിയ അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് 1166 കോടി രൂപയുടെ ലോകബാങ്ക് സഹായത്തിനുള്ള ധാരണപത്രം കേന്ദ്ര സർക്കാർ ലോകബാങ്കുമായി ഒപ്പിട്ടു കഴിഞ്ഞു. 2013 – 2014 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്കായി 280 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) ഏതെല്ലാം റോഡുകളാണ് പ്രസ്തുത പദ്ധതിയനുസരിച്ച് നിർമ്മിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) താഴെപ്പറയുന്ന റോഡുകളാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്:-<br>1. പിലാത്തറ – പാപ്പിനിശ്ശേരി - 20.90 കി.മീ.<br>2. കാസറഗോഡ് – കാഞ്ഞങ്ങാട് - 27.76 കി.മീ.<br>3. തലശ്ശേരി – വളവുപാറ - 53.12 കി.മീ.<br>4. ചെങ്ങന്നൂർ- ഏറ്റുമാന്നൂർ -മൂവാറ്റുപുഴ - 87.90 കി.മീ.<br>5. പുനലൂർ-പൊൻകുന്നം-തൊടുപുഴ - 132.22 കി.മീ.<br>6. പെരുമ്പിലാവ് -പട്ടാമ്പി -പെരിന്തൽമണ്ണ - 41 .00 കി.മീ. |

(ഡി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനത്തിന് ഏതെല്ലാം ഏജൻസികളാണ് ധനസഹായം നൽകുന്നത്; വിശദാംശങ്ങൾ നൽകുമോ?

(ഡി) ലോക ബാങ്കും സംസ്ഥാന സർക്കാരുമാണ് ഇതിനുള്ള ധനസഹായം നൽകുന്നത്.

സെക്ഷൻ ഓഫീസർ